ശ്രീ. വട്ടിയൂർക്കാവ് രവി: 800 ലധികം ഹെക്ടർ സ്ഥലം കൃഷിക്ക് ഉപയുക്തമല്ലെന്നു പറഞ്ഞു. ഇത് കൃഷിക്ക് ഉപയുക്തമല്ലെന്നു കണ്ടുപിടിച്ചത് ആരാണ്? എന്തുകൊണ്ടാണ് ഈ സ്ഥലം കൃഷിക്ക് ഉപയുക്തമല്ലെന്ന തീരുമാനത്തിൽ എത്തിച്ചേർന്നത്? അവിടെ മറ്റു യോജിച്ച രീതിയിലുള്ള കൃഷിചെയ്യാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതെല്ലാം പരിശോധന നടത്തിയിട്ടുണ്ട്. ചില സ്ഥലങ്ങൾ തീരെ കൃഷി ചെയ്യാൻ പറ്റുകയില്ല. കുറേ സ്ഥലം കല്ലട പ്രോജക്ട് പൂർത്തിയാകുമ്പോൾ വെള്ളത്തിനടിയിലായിപ്പോകുമെന്നുള്ളതുകൊണ്ട് കൃഷി ചെയ്യാൻ കഴിയാതെ വരും.

ആലപ്പുഴ മെഡിക്കൽ കോളേജ്

*509 [546] ശ്രീ. കല്ലട നാരായണൻ:

,, എ.വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ ഏതെല്ലാം ഡിപ്പാർട്ടുമെന്റിലാണ് പ്രൊഫസർ ഇല്ലാത്തത്.

(ബി) പ്രസ്തുത ഡിപ്പാർട്ടുമെന്റുകളിൽ പ്രൊഫസറെ നിയമിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കൗൺസിലിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ:)

(എ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ആലപ്പുഴ മെഡിക്കൽകോളേജിൽ താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റുകളിൽ പ്രൊഫസർമാരില്ല.

(1) ഫോറൻസിക് മെഡിസിൻ.

(2) ഇ.എൻ.റ്റി.

(3) ഓർത്തോപീഡിക്സ്.

(4) ഡെന്റിസ്ട്രി.

(ബി, സി) പ്രസ്തുത വകുപ്പുകളിൽ പ്രൊഫസറുടെ തസ്തികകൾ ഇപ്പോൾ നിലവിലില്ല. സാമ്പത്തിക ബാദ്ധ്യത കണക്കിലെടുക്കുമ്പോൾ മെഡിക്കൽ കൗൺസിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള എല്ലാ തസ്തികകളും ഉടനടി സൃഷ്ടിക്കുക എന്നുള്ളത് പ്രായോഗികമല്ല. മെഡിക്കൽ കൗൺസിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ പടിപടിയായി അനുവദിക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: നമ്മുടെ സംസ്ഥാനത്തുള്ള മറ്റു മൂന്നു മെഡിക്കൽകോളേജുകളിലും ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ സ്റ്റാഫ് പാറ്റേണനുസരിച്ചുള്ള സ്റ്റാഫുള്ള സ്ഥിതിക്ക് ആലപ്പുഴ മെഡിക്കൽകോളേജിൽമാത്രം ഈ ഡിപ്പാർട്ടുമെന്റുകൾ നിലനിറുത്താതിരിക്കാൻ കാരണമെന്താണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ: മറ്റു മൂന്നു മെഡിക്കൽകോളേജുകളിൽ നിന്നും വ്യത്യസ്തമായിട്ടാണ് ആലപ്പുഴ മെഡിക്കൽകോളേജ് ആരംഭിച്ചത്. പ്രൈവറ്റ് മേഖലയിൽ ആരംഭിച്ച് പിന്നെ ഗവൺമെന്റ് ഏറെടുക്കേണ്ടിവന്നതാണ്. പലതസ്തികകളും അവിടെയുണ്ടായിരുന്നില്ല. മറ്റു മെഡിക്കൽ കോളേജുകളിലുള്ള പല സൗകര്യങ്ങളും അവിടെ ഉണ്ടായിരുന്നില്ല. ഗവൺമെന്റ് ഏറെറടുത്തതിനുശേഷം മറ്റു മെഡിക്കൽകോളേജുകളുടെ നിലവാരത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികളും ഓരോന്നായി ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പല തസ്തികകളും ആയിട്ടുണ്ട്, മറ്റു പല തസ്തികകളും താമസിയാതെ ഏർപ്പെടുത്തുന്നതായിരിക്കും.

ശ്രീ. എ.വി. താമരാക്ഷൻ: നമ്മുടെ സംസ്ഥാനത്തുള്ള മറ്റു മെഡിക്കൽകോളേജുകളെ അപേക്ഷിച്ച് സൗകര്യത്തിന്റെ കാര്യത്തിലായാലും, ഉപകരണത്തിന്റെ കാര്യത്തിലായാലും എല്ലാ നിലകളിലും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു മെഡിക്കൽകോളേജ് എന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽകോളേജിനോടൊപ്പംതന്നെ എല്ലാ നിലകളിലും ആലപ്പുഴ മെഡിക്കൽകോളേജിനും പ്രത്യേക പരിഗണന കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: പ്രത്യേക പരിഗണന കൊടുത്തുകൊണ്ടിരിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. പല സൗകര്യങ്ങളും ഇല്ലാതെയാണ് അതു തുടങ്ങിയത്. അടുത്തകൊല്ലം പുതിയ കോളേജിന്റെ രണ്ടാം നിലയുടെ പണിക്കും പുതിയ ആശുപത്രിയുടെ പണിക്കും സ്റ്റുഡൻസ് കമ്പാർട്ടേഴ്സിന്റെ പണിക്കും മറ്റു മെഡിക്കൽകോളേജുകൾക്ക് നൽകത്തക്ക വിധത്തിൽ ആവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി, നാല് ഡിപ്പാർട്ടുമെന്റുകളിൽ പ്രൊഫസർമാർ ഇല്ലായെന്ന്. മറ്റു പല ഡിപ്പാർട്ടുമെന്റുകളിലും സ്റ്റാഫ് പാറേറൺ അനുസരിച്ചുള്ള അസോസിയേറ്റഡ് പ്രൊഫസർമാരും അസിസ്റ്റന്റ് പ്രൊഫസർമാരും ട്യൂട്ടർമാരും ഇല്ല. അതുപോലെതന്നെ കുട്ടികൾക്ക് പഠിക്കുവാനുള്ള ഉപകരണവും ഇല്ല. അവിടെ പഠിക്കുന്ന കുട്ടികളും എം.ബി.ബി.എസ്. പാസ്സായതിനുശേഷം രോഗികളെ ചികിൽസിക്കേണ്ടവരാണ്. അപ്പോൾ അത്ര ലാഘവബുദ്ധിയോടുകൂടി കാണേണ്ട ഒരു പ്രശ്നമല്ലായെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് അവിടെ പഠിക്കുന്ന കുട്ടികൾക്കാവശ്യമായ സൗകര്യം ചെയ്തുകൊടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ഗവൺമെന്റ് അതിനുതയ്യാറായി നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പറഞ്ഞത്. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ പാറേറൺ അതനുസരിച്ചുള്ള പ്രൊഫസർ അല്ലെങ്കിൽ അസോസിയേറ്റഡ് പ്രൊഫസർ എന്നാണ് പറയുന്നത്. അസോസിയേറ്റഡ് പ്രൊഫസറുണ്ട്. പ്രൊഫസറുടെ തസ്തിക ആയിക്കഴിഞ്ഞിട്ടില്ല. സൗകര്യത്തിന്റെയും പഠിപ്പിന്റെയും കാര്യം പറയുകയാണെങ്കിൽ നാല് മെഡിക്കൽ കോളേജുകളിൽ വച്ച് ഏറ്റവും നല്ല റിസൽട്ട് ആലപ്പുഴ മെഡിക്കൽ കോളേജിലാണ്.

ശ്രീ. വട്ടിയൂർക്കാവ് രവി: ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്റ്റാഫ് പാറേറൺ അനുസരിച്ച് പല ആശുപത്രികളിലും സ്റ്റാഫിന്റെ കുറവ് ഉണ്ടായിരുന്നു. ചില മെഡിക്കൽ കോളേജിൽ സ്റ്റാഫില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും മറ്റും വരുമ്പോഴും അഡീഷണൽ പോസ്റ്റ് നിശ്ചയിച്ച് അതാത് സ്ഥലങ്ങളിൽതന്നെ ഇരിക്കുവാനുള്ള വ്യഗ്രത കാണിക്കുന്നതുകൊണ്ടാണ് ഈ കുറവ് വരുന്നതെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മറ്റെല്ലാ ആശുപത്രികളിലും ജോലി ചെയ്യിക്കുവാനുള്ള നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ആലപ്പുഴ മെഡിക്കൽ കോളേജിനെ സംബന്ധിച്ചാണ് ചോദ്യം. പൊതുവിൽ പറയണമെങ്കിൽ പറയാം. ആകെ 37 പോസ്റ്റുകളിലാണ് നാല് മെഡിക്കൽ കോളേജുകളിലും ആയി വേക്കൻസിയുള്ളത്. കൂടുതലധികം വേക്കൻസി ഉണ്ടായിരുന്നത് രണ്ടുമൂന്നുമാസം കൊണ്ട് പോസ്റ്റിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. 37 പോസ്റ്റുകളിൽ 20 പോസ്റ്റിലേക്ക് മാത്രമാണ് കാളിഫൈഡ് ആയിട്ടുള്ളവരെ പ്രൊമോട്ട് ചെയ്യാനുള്ളത്. 17 പോസ്റ്റിലേക്ക് തൽക്കാലം ആളെ കൊടുക്കുവാനില്ലാതെ കിടക്കുകയാണ്. പലരും പുറത്തുപോയതുകൊണ്ടാണ് ഈ സ്ഥിതി വിശേഷമുണ്ടായിട്ടുള്ളത്. അതിനെത്തുടർന്ന് കാളിഫൈഡ് ആയിട്ടുള്ള ആളുകൾ റീപ്ലെയിസ് ചെയ്യാൻ ഉള്ള സ്ഥാനത്തേക്ക് മാത്രമേ പുറത്തേക്ക് പോകാൻ അനുവദിക്കുന്നുള്ളു. ഇപ്പോഴുള്ള വേക്കൻസി അടിയന്തിരമായി ഒരു മാസത്തിനകം ഫില്ലപ്പ് ചെയ്യുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ എന്ത് പറഞ്ഞാലും നമ്മുടെ മെഡിക്കൽ കോളേജുകളെ ഇൻഡ്യയിലെ ഇതര മെഡിക്കൽ കോളേജുകളുമായി താരതമ്യപ്പെടുത്തുമ്പോൾ സ്റ്റാഫ് പാറേൺ മെച്ചമാണ്. കൂടുതൽ ഉന്നതമായ പോസ്റ്റുകൾ നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഉണ്ടെന്നുള്ളത് മനസ്സിലാക്കി പോസ്റ്റുകൾ വർദ്ധിപ്പിക്കാതിരിക്കാനും സാധാരണക്കാരായ രോഗികളെ നോക്കുവാൻ സാധാരണക്കാരായ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തെ കുറിച്ച് ഗവൺമെൻറ് ആലോചിക്കുമോ? വലിയ ഡോക്ടർമാർ ആകുമ്പോൾ രോഗികളെ ചികിൽസിക്കുവാൻ മടിക്കും, മാത്രവുമല്ല റേറും കൂടും.

ശ്രീ. കെ.പി. പ്രഭാകരൻ: വലിയവർക്കും ചെറിയവർക്കും എല്ലാം തന്നെ മെഡിക്കൽ കൗൺസിലിന്റെ ഒരു പാറേൺ ഉണ്ട്. 100 സ്റ്റുഡൻറ് സിന് ഒരു പാറേൺ. 180, 200 ഒക്കെ ആകുമ്പോഴാണ് പിന്നീട് അടുത്തത് അനുവദിക്കുന്നത്. 50 ആയാൽ ഉടനെകിട്ടുന്നില്ല. സാമ്പത്തിക പരിമിതി കാരണം വളരെ ശ്രദ്ധിച്ചേ ചെയ്യുന്നുള്ളു. വലിയവർ ആയാലും ചെറിയവർ ആയാലും പാറേൺ അനുസരിച്ച്, വേക്കൻസി അനുസരിച്ച് കൊടുക്കണം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഒരു പിന്നോക്ക ജില്ലയായി ഗവൺമെൻറുതന്നെ പ്രഖ്യാപിച്ചിട്ടുള്ള ആലപ്പുഴ ഡിസ്ട്രിക്റ്റിലുള്ള ഏക സ്ഥാപനമായ മെഡിക്കൽകോളേജും ഒരു പിന്നോക്കസ്ഥാപനമായി പ്രഖ്യാപിച്ചിരിക്കുകയാണെന്നു അവിടത്തെ അനുഭവംകൊണ്ട് പറയുകയാണ്. പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താമസിക്കുവാനുള്ള സൗകര്യമില്ലായെന്നുള്ളത് മാത്രമല്ല ഒരു ക്യാൻറീൻ പോലും ഇല്ലെന്നുള്ളത് മനസ്സിലാക്കികൊണ്ട് അതിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടു പിടിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: 250 ഫീമെയിൽ സ്റ്റുഡൻസിന് താമസിക്കുവാനുള്ള ഹോസ്റ്റലാണ് അടുത്തകാലത്ത് പണിയാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വാമദേവൻ: ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പരിസരപ്രദേശത്ത് മെഡിക്കൽ ആശുപത്രി സ്ഥാപിക്കുന്ന പദ്ധതി എതുവരെയായി; എന്നേക്ക് അതിന്റെ പണി ആരംഭിക്കുവാൻ കഴിയുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അതിനുവേണ്ട സ്ഥലം അക്വയർ ചെയ്യുന്ന നടപടി പൂർത്തിയായി. ഈ മാസംതന്നെ അതിന്റെ പണം കൊടുത്ത് ഏറെറടുക്കുവാൻ പോവുകയാണ്. 250 ബെഡ്ഡുകളുള്ള ഒരു ബ്ലോക്കിന്റെ പണി (Obstetrics, Gynaecology) ഏപ്രിൽമാസത്തിൽ ആരംഭിക്കുന്നതാണ്.

(ചോദ്യം 547 ചോദിച്ചില്ല)

ആൾ കേരളാ ഡി.ഫാം സ്റ്റുഡൻറ്സ് അസോസിയേഷന്റെ മെമ്മോറാണ്ടം

* 510 [548] ശ്രീ. ചടയൻ ഗോവിന്ദൻ:

,, പി.ആർ. ശിവൻ:

,, ടി.കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾ കേരളാ അൺ എംപ്ലോയ്ഡ് ഡി. ഫാം ഹോൾഡേഴ്സ് അസോസിയേഷനും, ആൾ കേരളാ ഡി.ഫാം സ്റ്റുഡൻറ്സ് അസോസിയേഷനും ചേർന്ന് ഗവൺമെൻറിന് വല്ല മെമ്മോറാണ്ടവും നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണ് അവരുടെ പ്രധാന ആവശ്യങ്ങൾ;

(സി) ഈ ആവശ്യങ്ങൾ അംഗീകരിക്കുന്ന കാര്യത്തിൽ ഗവൺമെൻറിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) ആൾ കേരളാ അൺ എംപ്ലോയീസ് ഡി. ഫാം ഹോൾഡേഴ്സ് അസോസിയേഷനിൽനിന്നും ആൾ കേരളാ ഡി. ഫാം സ്റ്റുഡൻറ്സ് അസോസിയേഷനിൽനിന്നും വെവ്വേറെ മെമ്മോറാണ്ടങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി, സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ശ്രീ. ടി.കെ. അബ്ദു: ഓരോ മെമ്മോറാണ്ടത്തിലും അവർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ഗവൺമെൻറ് അംഗീകരിച്ച് കൊടുത്താൽ, ഗവൺമെൻറിന് എന്തുമാത്രം സാമ്പത്തികഭാരം ഉണ്ടാകുമെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ മുഴുവൻ സാമ്പത്തിക ബാധ്യതയെക്കുറിച്ച് കണക്ക് കൂട്ടിയിട്ടില്ല.

ശ്രീ. എസ്. തങ്കപ്പൻപിള്ള: സാമ്പത്തികഭാരം ഇല്ലാത്ത കാര്യങ്ങൾ നേടിക്കൊടുക്കുവാൻ ഗവൺമെൻറ് സത്വരനടപടി എടുക്കുമോ?

*അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly